**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2310** **30-09-2025 - ൽ മറുപടിയ്ക്ക്**

**ചെറുവട്ടൂർ ആയുർവേദ ആശുപത്രി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ ചെറുവട്ടൂർ ആയുർവേദ ആശുപത്രി അപ്ഗ്രേഡ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (എ) | എറണാകുളം ജില്ലയിലെ കോതമംഗലം മണ്ഡലത്തിൽ നിലവിൽ 10 കിടക്കകളോടെ പ്രവർത്തിച്ചുവരുന്ന ചെറുവട്ടൂർ സർക്കാർ ആയുർവ്വേദ ആശുപത്രിയെ 30 കിടക്കകളുള്ള ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ 18/01/2025 ൽ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ വിശദമായി പരിശോധിച്ചിരുന്നു.<br><br>ചെറുവട്ടൂർ സർക്കാർ ആയുർവേദ ആശുപത്രിയെ 30 കിടക്കകളുള്ള ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യുമ്പോൾ ഭാരതീയ ചികിത്സാ വകുപ്പിലെ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ പ്രകാരം 11 അധിക തസ്തികകൾ ആവശ്യമായി വരുന്ന സാഹചര്യത്തിലും, ടി ആശുപത്രിയുടെ സമീപ പ്രദേശത്ത് കിടത്തി ചികിത്സാ സൗകര്യമുള്ള മറ്റ് മൂന്ന് സർക്കാർ ആയുർവേദ ആശുപത്രികൾ ഉള്ള സാഹചര്യത്തിലും, എറണാകുളം ജില്ലയിലെ ചെറുവട്ടൂർ സർക്കാർ ആയുർവേദ ആശുപത്രിയെ 30 കിടക്കകളുള്ള ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യുന്നത് ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ബി) | ഇതുമായി ബന്ധപ്പെട്ട തുടർ നടപടികൾ വേഗത്തിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാമോ; വ്യക്തമാക്കാമോ? | (ബി) | എറണാകുളം ജില്ലയിലെ കോതമംഗലം മണ്ഡലത്തിൽ നിലവിൽ 10 കിടക്കകളോടെ പ്രവർത്തിച്ചുവരുന്ന ചെറുവട്ടൂർ സർക്കാർ ആയുർവ്വേദ ആശുപത്രിയെ 30 കിടക്കകളുള്ള ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ 18/01/2025 ൽ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ വിശദമായി പരിശോധിച്ചിരുന്നു.<br><br>ചെറുവട്ടൂർ സർക്കാർ ആയുർവേദ ആശുപത്രിയെ 30 കിടക്കകളുള്ള ആശുപത്രിയായി അപ്ഗ്രേഡ് |

| | | | |
|---|---|---|---|
| | | | ചെയ്യുമ്പോൾ ഭാരതീയ ചികിത്സാ വകുപ്പിലെ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ പ്രകാരം 11 അധിക തസ്തികകൾ ആവശ്യമായി വരുന്ന സാഹചര്യത്തിലും, ടി ആശുപത്രിയുടെ സമീപ പ്രദേശത്ത് കിടത്തി ചികിത്സാ സൗകര്യമുള്ള മറ്റ് മൂന്ന് സർക്കാർ ആയുർവേദ ആശുപത്രികൾ ഉള്ള സാഹചര്യത്തിലും, എറണാകുളം ജില്ലയിലെ ചെറുവട്ടൂർ സർക്കാർ ആയുർവേദ ആശുപത്രിയെ 30 കിടക്കകളുള്ള ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യുന്നത് ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ